(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5 /2139/16

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 15.12.2016
Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിച്ചൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1, 2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5 /2139/16 തീയതി: 15.12.2016

## തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.06.2016 മുതൽ 21.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളു ടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തി ന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ.എ (ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2016മുതൽ 28.10.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ.പത്മകുമാർ.എസ്.എൽ,ഓഡിറ്റ് ഓഫീസർ
ശ്രീ.അജിത് കുമാർ.ആർ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീജിത്ത്.എസ്.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അജിത.എ.പി,ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.ഗീതകുമാരി 03.06.2013 മുതൽ 31.10.2015 വരെ
ശ്രീ.ജി.മണികണ്ഠൻ 19.11.2015 മുതൽ 31.03.2016 വരെ
സെക്രട്ടറി : ശ്രീ.ബി.സുരേഷ് 01.04.2015 മുതൽ 31.03.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ബിനോദ്.ജെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ജോയിജോൺ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിൽകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജു | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.അജിത് | 01.04.2015 മുതൽ 01.06.2015വരെ |
| | ഡോ.സരിത.എ.എൽ | 01.06.2015മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ജ്യോതിഷ് മതി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.പ്രദീപ് | 01.04.2015 മുതൽ 31.03.2016 വരെ |
| | ശ്രീ.സുമേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ബി.സുരേഷ് | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 | |
| 13 | ഓഡിറ്റ് ഇംപ്ക്റ്റ് | 2-2 | |
| | ഭാഗം 3 | | |
| 14 | അംഗൻവാടി പോഷകാഹാര വിതരണം 191582/-രൂപ തടസ്സപ്പെടുത്തുന്നു | 3-1 | |
| 15 | ജവഹർ ബാലവാടിക്ക് പോഷകാഹാര വിതരണം | 3-2 | |
| 16 | വി.ഇ.ഒ.യുടെ പ്രോജക്റ്റ് ചെലവ് രേഖകൾ ഹാജരാക്കിയില്ല – 9,50,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 17 | ഭവന പുനരുദ്ധാരണം 30000/-രൂപ തടസ്സപ്പെടുത്തുന്നു | 3-4 | |
| 18 | ജൈവ പച്ചക്കറി കൃഷി - അധികം പിൻവലിച്ച തുക 10800/-രൂപ തിരിച്ചടയ്ക്കേണ്ടതാണ്. | 3-5 | |
| 19 | ചൂനാംപാറ-കൈത്തോട് അംഗൻവാടി നിർമ്മാണം - ചെയ്യാത്ത വർക്കിനുള്ള തുക പിൻവലിച്ച് നൽകി. | 3-6 | |
| 20 | വാറുവാളാകം-പോങ്ങോട്ടുകോണം - മെറ്റലിംഗ് & സൈഡ്‌വാൾ - അളവ് തെറ്റായി രേഖപ്പെടുത്തിയത് - 7513/-രൂപ നിരാകരിക്കുന്നു. | 3-7 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.2015-ാം തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 173535013/- രൂപ വരവും 172071732/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 58246245/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 53697847/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 29.06.2015 | - |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 17595768/-
വരവ് : 40650477/-
ആകെ : 58246245/-
ചെലവ് : 53697847/-
നീക്കിയിരിപ്പ് : 4548398/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2532085 | 8040142 (ട്രാൻസ്ഫർ ക്രെഡിറ്റ് ₹6263024) | 10572227 | 10572227 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1045006 | 2164294 | 3203900 | 3209300 (ട്രാൻസ്ഫർ ക്രെഡിറ്റ് ₹722993) | 0 |
| വികസനഫണ്ട് ടി.എസ്.പി. | 1018549 | 1758881 | 2777430 | 2777430 (ട്രാൻസ്ഫർ ക്രെഡിറ്റ് ₹400409) | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1393446 | 12439465 | 13832911 | 13832911 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 921027 | 1886869 | 2798896 | 2798896 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2907754 | 6900442 | 9808196 | 9808196 (ട്രാൻസ്ഫർ ക്രെഡിറ്റ് ₹4288934) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2680688 | 840432 | 3521120 | 3521120 (ട്രാൻസ്ഫർ ക്രെഡിറ്റ് ₹850688) | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 9075 | 440062 | 449137 | 437956 | 11181 |
| ബി ഫണ്ട് | - | 1246666 | 1246666 | 1246666 | 0 |
| മറ്റ് വരവുകൾ (ICDS.TSC) | 283535 | 1482276 | 17658111 | 1750934 | 14877 |
| ജനറൽ പർപ്പസ് | 1349816 | 5574166 | 6923982 | 4799763 | 2124219 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 54752959 | 164 | 42279918 | 8 | 47 | 74.88 |

## 1-7 തനതുവരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 1105561 | 1133820 | 28260 | +2.55 |
| കെട്ടിട നികുതി | 2348596 | 1526526 | 822070 | +35.00 |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം (MARKET) | 40980 | 176360 | 135380 | +330.36 |
| ഷോപ്പിംഗ് കോംപ്ലക്സ് | 44041 | 45237 | 1196 | +2.71 |
| ഡി&ഒ ലൈസൻസ് | 34400 | 49130 | 14730 | +29.98 |
| മറ്റ് വരവുകൾ | 532985 | 742590 | 209605 | +28.22 |
| ആകെ | 4106562 | 3673663 | 432899 | +10.54 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5560320 | 341 |
| കർഷക തൊഴിലാളി പെൻഷൻ | 2014920 | 244 |

| | | |
|---|---|---|
| വിധവാപെൻഷൻ | 9178240 | 863 |
| വാർദ്ധക്യകാല പെൻഷൻ | 10055190 | 1161 |
| വികലാംഗ പെൻഷൻ | 2920685 | 259 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 460000 | 16 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 289800 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016 11.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14360/-രൂപ നീക്കിയിരിപ്പുള്ള തായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/ മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ 1997, ചട്ടം (13) പ്രകാരവും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2016 – 08.10.2016 | 01.09.16 മുതൽ 30.09.2016 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2015 മുതൽ 07.05.2015 വരെ | 2009-10 മുതൽ 2014-15 വരെ | 23.06.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതി ഈടാക്കുന്നില്ല - തനത് ഫണ്ടിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പരസ്യ നികുതി ഈടാക്കുന്നില്ല. ബൈലാ പാസാക്കി പരസ്യ നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് 2014-15 വർഷത്തെ റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശിച്ചിരുന്നെങ്കിലും (ഖണ്ഡിക 2-1) ഇതിന്മേലുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യ നികുതി ഈടാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഓഡിറ്റ് ഇംപാക്ട്

*ഓഡിറ്റോറിയത്തിന്റെ സ്ഥാപന നികുതി ഓഡിറ്റ് നിർദ്ദേശ പ്രകാരം ഒടുക്കി*

2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള ആർ.കെ. ഓഡിറ്റോറിയത്തിന്റെ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായിരുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 2 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിൽ സ്ഥാപന നികുതി ആവശ്യപ്പെടുകയും അതനുസരിച്ച് 27.10.2016 രസീത് നം.774491 പ്രകാരം 2500/-രൂപ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടി പോഷകാഹാര വിതരണം - ഗുരുതര വീഴ്ച - 191582/-രൂപ തടസ്സപ്പെടുത്തുന്നു - ഓഡിറ്റ് എൻക്വയറി നം.-3

2015-16 സാമ്പത്തിക വർഷം അംഗൻവാടി പോഷകാഹാര വിതരണം എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും പതിനാലര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം.4/15-16 തീയതി.20.10.2015 പ്രകാരം 406940/-രൂപ മാറിയതിൽ 191582/-രൂപയ്ക്കുള്ള സാധനം വാങ്ങിയത് സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം നടത്തിയതിന്റെയോ വിവരം ICDS സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കാണാൻ സാധിച്ചില്ല. നിർവ്വഹണ ഉദ്യോഗസ്ഥ സ്ഥിരമായി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ അത് ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷം സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് 80 പേജുള്ള ഒരു നോട്ട് ബുക്കിൽ ഭാഗികമായി എഴിതിയതാണ് ഹാജരാക്കിയത്. സ്ഥിരമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വലയിരുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ മെയിൻ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. നം.4/15-16 പ്രകാരം മാറിയ തുകയിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. വ്യക്തമായ ചെലവ് രേഖകൾ ഹാജരാക്കിയില്ലായെങ്കിൽ 191582/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. ഇത് സംബന്ധിച്ച് 26.10.16-ന് ഓഡിറ്റ് എൻക്വയറി 3-ാം നമ്പരായി നൽയിരുന്നതിൽ ലഭ്യമാക്കിയിട്ടുള്ള മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 3-2 ജവഹർ ബാലവാടിക്ക് പോഷകാഹാര വിതരണം - ചെലവ് രേഖകൾ അംഗൻവാടികളുടേത്

നിർവ്വഹണം - ICDS സൂപ്പർവൈസർ

ബിൽ നം./തീയതി - 9/2016, തീയതി. 19.03.2016

2015-16 സാമ്പത്തിക വർഷം ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ജവഹർ ബാലവാടിക്ക് പോഷകാഹാര വിതരണം എന്ന പദ്ധതിക്ക് 37476/-രൂപ വികസന ഫണ്ടിൽ നിന്നും ബിൽ നം.9/16 തീയതി.

19.03.16-ൽ ട്രഷറിയിൽ നിന്നും മാറിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയതിൽ 3957/-രൂപയുടെ സാധനം വാങ്ങിയ ബിൽ, 1000/-രൂപയുടെ സാധനം വാങ്ങിയ ബിൽ എന്നിവ അംഗൻവാടികൾക്ക് പോഷകാഹാരം എന്ന പ്രോജക്ടിന് വാങ്ങിയതിന്റെ ഫോട്ടോസ്റ്റാറ്റ് എടുത്ത് ഒരേ കോപ്പികളാണ് സമർപ്പിച്ചത്. കൂടാതെ ഈ തുകയുടെ സാധനങ്ങൾ ബാലവാടിക്ക് നൽകിയതിന്റെ കൈപ്പറ്റ് രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 4957/-രൂപ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ യഥാർത്ഥ ബില്ലുകൾ ഹാജരാക്കേണ്ടതാണ്. ബാലവാടിക്ക് സാധനങ്ങൾ യഥാസമയം വിതരണം നടത്തുന്നുണ്ടോയെന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 ചെലവ് രേഖകൾ ഹാജരാക്കിയില്ല.- 950000/-രൂപ തടസ്സപ്പെടുത്തുന്നു

2015-16-ൽ വി.ഇ.ഒ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾക്ക് താഴെപറയുന്ന തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

ബിൽ തീയതി

26.12.15 ബിൽ നം.- 6/2015-16 - 460000/-
26.12.15 ബിൽ നം. 8/2015-16 - 150000/-
21.03.16 ബിൽ നം. 9/2015-16 - 140000/-
21.03.16 ബിൽ നം. 13/2015-16 - 100000/-
28.03.16 ബിൽ നം. 18/2015-16 - 100000/-

ആകെ 950000/-

======

മേൽ പറഞ്ഞ ബിൽ നമ്പറുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ, ചെലവഴിച്ച പദ്ധതികൾ സംബന്ധമായ ഫയലുകൾ, ഓഡിറ്റ് എൻക്വയറി നം.7 പ്രകാരം, ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 950000/-രൂപയുടെ ചെലവിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 ഭവന പുനരുദ്ധാരണം - 30000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - SOO 8/15-16
നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - 630000/-
ബിൽ നം. - 5/2016, 10/16

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ. നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം എന്ന പ്രോജക്ടിൽ 42 ഗുണഭോക്താക്കൾക്ക് 15000/-രൂപ വീതം ഭവന പുനരുദ്ധാരണത്തിന് നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇതിൽ 40 ഗുണഭോക്താക്കൾ ഈ ആനുകൂല്യം കൈപ്പറ്റിയതായുള്ള രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 2 ഗുണഭോക്താക്കൾക്ക് (15000 x 2) തുക നൽകിയതായിട്ടുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ 30000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 ജൈവ പച്ചക്കറി കൃഷി - അധികം പിൻവലിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്

പ്രോജക്ട് നം. - SO 275/15-16
നിർവ്വഹണം - കൃഷി ഓഫീസർ
അടങ്കൽ - രണ്ട് ലക്ഷം
ബിൽ നം./തീയതി - 3/2015-16, 4/2015-16, തീയതി. 28.03.16
ഫണ്ടിനം - പ്ലാൻ ഫണ്ട്

കൃഷിഓഫീസർ നടപ്പിലാക്കിയ ജൈവ പച്ചക്കറി കൃഷി എന്ന പ്രോജക്ടിന് 50 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ഇതിന്റെ അടങ്കൽ രണ്ട് ലക്ഷം രൂപയിൽ ജൈവവളത്തിനായി 180000/-രൂപയും ജൈവ

കീടനാശിനിയ്ക്ക് 20000/-രൂപയും വകയിരുത്തിയിരുന്നു. ജൈവവളത്തിനായി 180000/-രൂപ പിൻവലിച്ചെങ്കിലും 3600/- രൂപ വീതം 47 പേർക്ക് നൽകിയതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ജൈവ കീടനാശിനിയ്ക്ക് വകയിരുത്തിയിരുന്ന തുകയിൽ വളത്തിനായി പിൻവലിച്ചതിൽ 10800/-രൂപ കൃഷിഓഫീസറുടെ അക്കൗണ്ടിൽ കിടക്കുന്നു എന്നാണ് ഓഡിറ്റ് എൻക്വയറി 4-ന് മറുപടി നൽകിയത്. സർക്കാരിലേക്ക് 10800/-രൂപ അടവാക്കി ചെലാൻ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 ചൂനാംപാറ-കൈതോട് അംഗൻവാടി നിർമ്മാണം - ചെയ്യാത്ത വർക്കിനുള്ള തുക പിൻവലിച്ച് നൽകി

പ്രോജക്ടിന്റെ പേര് - ചൂനാംപാറ-കൈതോട് അംഗൻവാടി നിർമ്മാണം.
എസ്റ്റിമേറ്റ് തുക - 8 ലക്ഷം
ചെലവഴിച്ചത് - 7,99,775/-
നിർവ്വഹണോദ്യോഗസ്ഥൻ - AE, LSGD
പ്രോജക്ട് നം. - 263/15
ബിൽ നം. - 15/15-16
ഡി.ഡി.നം. - 664443/17.10.15
കൺവീനർ - സുരേഷ്.എം., സൂര്യ ഹൗസ്,
ചോനാംപാറ, കോട്ടൂർ.പി.ഒ.
എം.ബുക്ക് നം. - 662/14-15

ചൂനാംപാറ-കൈതോട് അംഗൻവാടി നിർമ്മാണം 2015-16 വർഷം പൂർത്തിയാക്കിയിരുന്നു. പ്രസ്തുത വർക്കിന്റെ പ്രാദേശിക പരിശോധന നടത്തി എം.ബുക്കുമായി ഒത്തുനോക്കിയതിൽ നിന്നും താഴെപ്പറയുന്ന വർക്കുകൾ ചെയ്തതായി കാണുന്നില്ല.

*I. എസ്റ്റിമേറ്റ്*

(a) Providing and fixing ceramic glazed wall tiles conforming to IS 15622 of approved make in all colours

Toilet - all round - 4.4 x 1.5 = 6.6m$^2$

Hall - - 18.4 x 0.90 = 16.56 m$^2$

23.16m$^2$

Say 23.16m$^2$ @ Rs.952/m$^2$ - 22048

പൂർത്തിയാക്കിയത്

Toilet - 4.4 x .75 = 3.3 m$^2$

Say3.3 m$^2$ @ Rs.952/m$^2$ = 4141.6

ടോയ്‌ലറ്റ് ഒഴികെ മറ്റൊരിടത്തും wall tiles പതിച്ചിട്ടില്ല. ഇതിലേക്കായി ആകെ ചെലവഴിച്ച 21705/-രൂപ (അളവ് 22.8m$^2$ x 952) (P.No.58 of M.book) യിൽ നിന്നും വർക്ക് ചെയ്ത 3142/-രൂപ കുറവ് ചെയ്ത് 18563/-രൂപ നിരാകരിക്കുന്നു.

*II. എസ്റ്റിമേറ്റ്*

Finishing wall with acrylic emulsion paint of approved brand paint of required shade. New work – two or more coats.

Total - 303 $m^2$

Say 303 $m^2$ @ Rs.86/$m^2$ = Rs.26058/-

പൂർത്തിയാക്കിയത്

സിമന്റ് പ്ലാസ്റ്ററിംഗിന് മുകളിലായി ഒരു കോട്ട് വൈറ്റ് വാഷ് അടിച്ചിട്ടുണ്ട്. പെയിന്റ് ചെയ്തിട്ടില്ല.

Total - 303 $m^2$

White washing with tile to give an even shade -

New work – 3 or more coat @ 20.12/ Rs.6096

പെയിന്റിംഗിന് പകരം ഒരു കോട്ട് വൈറ്റ് വാഷ് മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിലേക്കായി ആകെ ചെലവഴിച്ച

26058/-രൂപ (303 $m^2$ x 86) യിൽ നിന്നും 6096/-രൂപ കുറവ് ചെയ്ത് 19962/-രൂപ നിരാകരിക്കുന്നു.

## 3-7 വാറുവാളാകം-പോങ്ങോട്ടുകോണം - മെറ്റലിംഗ് & സൈഡ്‌വാൾ - അളവ് തെറ്റായി രേഖപ്പെടുത്തിയത് - 7513/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് - വാറുവിളാകം - പോങ്ങോട്ടുകോണം മെറ്റലിംഗ് & സൈഡ്‌വാൾ
എസ്റ്റിമേറ്റ് തുക - 3.5 ലക്ഷം രൂപ
ചെലവ് - 3.5 ലക്ഷം
പ്രോജക്ട് വിഭാഗം - ജനറൽ
ബിൽ നം. - 128/15-16
ഗുണഭോക്തൃസമിതി കൺവീനർ - നാരായണൻനായർ, അശ്വതി ഭവൻ, കൈതക്കൽ, കുറിച്ചൽ.പി.ഒ.
എം.ബുക്ക് നം. - 862/15-16

മേൽ പ്രോജക്ടിന്റെ എം.ബുക്കിൽ താഴെ പറയുന്ന അപാകത സംഭവിക്കുകയും 7513/-രൂപ കൺവീനർക്ക് അധികം നൽകുകയും ചെയ്തിട്ടുണ്ട്.

Item – 2
Dry rubble masonry with hard stone on foundation and plinth including
cost of all materials.
*Measurement.*

| No. | L | B | D | Area |
|---|---|---|---|---|
| 1 | 5.30 | 0.80 | 0.60 | 2.54 |
| 1 | 4.70 | 0.80 | 0.60 | 2.26 |
| 1 | 16.0 | $\frac{.8+.7}{2}$ | 0.50 | 6.00 |
| 1 | 30.0 | $\frac{.7+.5}{2}$ | 0.50 | 9.00 |
| 1 | 27.0 | $\frac{.8+.7}{2}$ | 0.50 | 10.13 |
| | | | | 29.93 |

ആകെ മെഷർമെന്റ് 29.93$m^3$ -ന് പകരം 32.93$m^3$ ആയി (3$m^3$ കൂടുതൽ) എം.ബുക്കിൽ രേഖപ്പെടുത്തി ബിൽ തയ്യാറാക്കുകയുണ്ടായി.

ബിൽ പ്രകാരമുള്ള തുക 32.93$m^3$ x @ x Rs.3147.83/$m^3$ = 103658

നൽകേണ്ട തുക 29.93$m^3$ x @ Rs.3147.83/$m^3$ = 94214

അളവ് തെറ്റായി രേഖപ്പെടുത്തിയത് കൊണ്ട് താഴെപ്പറയുന്ന പ്രകാരം പഞ്ചായത്തിൽ നഷ്ടം വന്നിട്ടുണ്ട്.

| ബിൽ പ്രകാരം നൽകിയ തുക | നൽകേണ്ട തുക |
|---|---|
| Total Value of work – 3,30,189 (actual 3,33,418) (limited)<br>Add: 6% tax – 19,811<br>Gross amount of bill – 3,50,000<br>Deductions | Total Value of work – 3,23,974<br>Add : 6% tax – 19,438<br>3,43,412<br>Deductions<br>VAT – 17170 |

| | |
|---|---|
| VAT 5% - 16509<br>IT 1% - 3302<br>Welfare fund - 3302 23,113<br>Net Amt paid - 3,26,887<br>to convener ======= | IT - 3434<br>Welfare fund - 3434 24038<br>3,19,374<br>Net Amt paid to convener<br>- 3,19,374 |

അധികം നൽകിയത് : 326887 – 319374 = 7513

====

അധികം നൽകിയ തുക കൺവീനറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ വിംഗ്) | മലവിള സാംസ്കാരിക നിലയം വയറിംഗ് | 512405 | 70875 | 0 | 70875 |
| കെ.എസ്. ഇ.ബി. | എസ്.സി.കോളനി കളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 511264 & 11265 | 19489 | 0 | 19489 |
| വാട്ടർ അതോറിറ്റി | കുര്യാത്തി എസ്.സി. കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 510505 | 125000 | 0 | 125000 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുര്യാത്തി വളപ്പിലെ പൊതു ടാപ്പ് | 405623 | 35000 | 0 | 35000 |
| വാട്ടർ അതോറിറ്റി | പൊന്നറക്കോണം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 511068 | 60000 | 0 | 60000 |

തുക നൽകിയ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.നം. 275/LSGD/ 27.01.2010 | 13377000 | 6688500 | 2675400 | 0 | 4013100 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 85876 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 85876 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 85876 |

*വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം*

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| എഫ്.ഡി.യൂണിയൻ ബാങ്ക് | 85876 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2008-09 | 2.2 | 6500 | ശ്രീമതി.വിജയകുമാരി, സെക്രട്ടറി | 11501102794/ 11.02.16 |
| 2000-01 | 50(2), 54, 55 | 1054 | ശ്രീമതി.ഇഷ, സെക്രട്ടറി | 11501102789/ 17.02.16 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58246245/- (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53697847/- (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,475/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1188949/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | - | 19962 | ബിനോദ്.ജെ., എ.ഇ |

| | | | |
|---|---|---|---|
| 3-7 | - | 7513 | ബിനോദ്.ജെ., എ.ഇ |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 191582 | ശ്രീമതി.ജ്യോതിഷ്മതി, ICDS സൂപ്പർവൈസർ |
| 3-2 | 17367 | ശ്രീമതി.ജ്യോതിഷ്മതി, ICDS സൂപ്പർവൈസർ |
| 3-3 | 950000 | ശ്രീ.സുമേഷ്.എം.എസ്, വി.ഇ.ഒ. |
| 3-4 | 30000 | ശ്രീ.സുമേഷ്.എം.എസ്, വി.ഇ.ഒ. |
| ആകെ | 1188949 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനോദ്.ജെ | എ.ഇ, കുറ്റിച്ചൽ | ബിന്ദു നിലയം, പൂന്നമൂട്, പള്ളിച്ചൽ.പി.ഒ. |
| ശ്രീ.സുമേഷ്.എം.എസ്, | വി.ഇ.ഒ.കുറ്റിച്ചൽ | സുമേഷ് ഭവൻ,<br>അരുവിയോട്,<br>പനയ്ക്കോട്.പി.ഒ.,<br>നെടുമങ്ങാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1996-97 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/737/98 തീ. 14.02.2000 | - |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/440/2001 തീ. 09.08.2002 | - |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6(ഡി)/5/01 തീ. 16.03.2003 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.(5)108705 തീ. 25.06.2014 | 2 |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1900/2008 തീ. 25.06.2014 | 5 |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1901/2008 തീ. 25.06.2014 | 3 |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1961/2008 തീ. 25.10.2010 | 16 |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/993/2015 തീ. 30.06.2015 | 16 |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/699/2010 തീ. 21.06.2015 | 8 |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1617/12 തീ. 21.11.2012 | 12 |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/618/2012 തീ. 21.11.2012 | 10 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/179/04തീ. 21.03.2014 | - |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1849/14തീ. 12.12.2014 | 18 |
| 2013-14 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/1885/2015 തീ. 11.11.15 | 15 |

| | | |
|---|---|---|
| 2014-15 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.5/817/2016 തീ. 02.06.16 | 9 |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകങ്ങളും ഒഴികെ, കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. ആകെയുള്ള ആസ്തി മൂല്യം കണക്കാക്കി എ.എഫ്.സി-യിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് വാല്യൂ കണക്കാക്കിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്